**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1609** **01-02-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാമ്പ് ഡ്യൂട്ടി,രജിസ്ട്രേഷൻ ഇനങ്ങളിലെ വരുമാന വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | ഭൂമിയുടെ ന്യായവിലയിൽ നടപ്പ് വർഷത്തെ ബജറ്റിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് അറിയിക്കുമോ; ന്യായവില വർദ്ധനവിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിൽ ഈ വർഷം പ്രതീക്ഷിച്ച ആകെ വരുമാനം എത്രയെന്നും നാളിതുവരെ എത്ര വരുമാനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | ഭൂമിയുടെ ന്യായവിലയിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ 20% (2010 ലെ അടിസ്ഥാന ന്യായവിലയുടെ 264%) വർദ്ധനവാണുണ്ടായത്. ന്യായവില വർദ്ധിപ്പിച്ചതിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 4536.9708 കോടി രൂപയും രജിസ്ട്രേഷൻ ഫീസിൽ 1335.4799 കോടി രൂപയുമായി ആകെ 5872.4507 കോടി രൂപയുടെ വരുമാനമാണ് നടപ്പുസാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്നത്. 2023 ഏപ്രിൽ 1 മുതൽ 2023 ഡിസംബർ 31 വരെ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 2726.52 കോടി രൂപയും, ഫീസിനത്തിൽ 1005.09 കോടി രൂപയും കൂടി ആകെ 3731.60 കോടി രൂപ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | മുൻ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്ന തുക എത്രയെന്നും 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ ഈ ഇനത്തിൽ എത്ര പിരിച്ചെടുക്കാൻ സാധിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | മുൻ സാമ്പത്തിക വർഷത്തിൽ 4125.9969 കോടി രൂപയായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ഈയിനത്തിൽ 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 2780.09 കോടി രൂപയും, ഫീസിനത്തിൽ 1024.71 കോടി രൂപയും കൂടി ആകെ 3804.81 കോടി രൂപ ലഭിച്ചിരുന്നു. |
| (സി) | ഭൂമിയുടെ ന്യായവില 20 ശതമാനം വർദ്ധിപ്പിച്ചിട്ടും സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിൽ ആനുപാതികമായ വരുമാന വർദ്ധനവ് ഉണ്ടാകാത്തതിന് കാരണം വ്യക്തമാക്കുമോ? | (സി) | രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ എണ്ണത്തിൽ കുറവ് വരുന്നതിനാലാണ് ആനുപാതികമായി വർദ്ധനവ് പ്രതിഫലിക്കാതിരിക്കുന്നതെന്ന് കാണുന്നു. 2022 ഏപ്രിൽ 01 മുതൽ 2022 ഡിസംബർ 31 വരെ 7,31,133 ആധാരങ്ങൾ രജിസ്റ്റർ ചെയ്തതിലൂടെ 3804.81 കോടി വരുമാനം ലഭ്യമായ സ്ഥാനത്ത്, 2023 ഏപ്രിൽ 01 മുതൽ 2023 ഡിസംബർ 31 വരെ 6,52,137 ആധാരങ്ങൾ രജിസ്റ്റർ ചെയ്തപ്പോൾ (78,996 ആധാരങ്ങൾ കുറവ്) 3731.60കോടി ആണ് ലഭ്യമായത്. |

സെക്ഷൻ ഓഫീസർ